## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4377** — **19.10.2011 ൽ മറുപടിക്ക്**

## <u>ജൈവ പച്ചക്കറി കൃഷി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷി വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ എത്ര കൃഷി ഭവനുകളാണ് നിലവിലുള്ളത് ; | (എ) 89 കൃഷി ഭവനുകൾ |
| (ബി) പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി കൃഷി ഭവനുകൾ മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ; വിശദാംശം നൽകുമോ ; | (ബി) സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷി ഭവനുകൾ മുഖേന സമഗ്ര പച്ചക്കറി വികസന പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ പച്ചക്കറി കൃഷി വികസന പദ്ധതി, വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പച്ചക്കറി വിത്തുകിറ്റു വിതരണപദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതികളും നിലവിലുണ്ട്.<br>100 ദിന പരിപാടിയിൽ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വ്യാപനത്തിനായി 2 ലക്ഷം പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. |
| (സി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ? | (സി) 2011-12 വർഷത്തിൽ ജൈവ പച്ചക്കറി കൃഷി വ്യാപന ക്യാമ്പ് 200 എണ്ണം പ്ലാൻ ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു.<br>സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് എത്തിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-RKVY സംയുക്തപദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി വരുന്നു.<br>രാസവസ്തുക്കളുടെ അമിതോപയോഗം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുമ്പോൾ വിശദമാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ